**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6014** **09-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ കുലാലൻ, കുലാല വിഭാഗങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കോഴിക്കോട് ജില്ലയിലെ കുലാലൻ, കുലാല എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർ മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ ഒരേ വിഭാഗത്തിൽ പെടുന്നവരാണോയെന്ന് വ്യക്തമാക്കുമോ; | (എ) | കുലാലൻ, കുലാല എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർ മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ ഒരേ വിഭാഗത്തിൽപ്പെടുന്നവരാണ്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 1991- ലെ ഉത്തരവ് പ്രകാരം പ്രസ്തുത സമുദായങ്ങൾ ഒ.ഇ.സി. വിഭാഗത്തിലാണോ ഉൾപ്പെട്ടിരുന്നതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത ഉത്തരവിൽ കുലാല ഉൾപ്പെട്ടിട്ടില്ല. |
| (സി) | വകുപ്പിന്റെ 2014 ലെ പത്താം നമ്പർ ഉത്തരവ് പ്രകാരം ഒരു ശതമാനം വിദ്യാഭ്യാസ സംവരണം അനുവദിച്ച ഉത്തരവിൽ കുലാലൻ, കുലാല എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തുകയുണ്ടായോ എന്ന് അറിയിക്കുമോ; | (സി) | ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | നിലവിൽ പ്ലസ് വൺ ഏകജാലക പ്രവേശന സംവിധാനത്തിൽ കുലാലൻ വിഭാഗത്തെ ഒ.ഇ.സി.യിലും കുലാല വിഭാഗത്തെ ഒ.ബി.സി.യിലുമാണോ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | കുലാലൻ വിഭാഗത്തെ ഒ ഇ സി യിലും, കുലാല വിഭാഗത്തെ എസ് ഇ ബി സി യിലും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഇ) | ഇതുകാരണം കുലാല വിഭാഗത്തിന് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്തതും ഇവരിൽ പലർക്കും പ്ലസ് വൺ അഡ്മിഷൻ ലഭിക്കാതെ വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (എഫ്) | സംസ്ഥാനത്തെ എസ് ഇ ബി സി പട്ടികയിൽ വ്യക്തത വരുത്തി ലാൻഡ് റവന്യൂ കമ്മീഷണർക്ക്, ഡയറക്ടർ തലത്തിൽ കത്ത് നൽകിയിട്ടുണ്ട്. ഇ ഡിസ്ട്രിക്ട് പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനു നിർദേശവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഒ ഇ സി പട്ടിക |

| | | | |
|---|---|---|---|
| | | | പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ